2025
NOVEMBER
27
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# യുഎസ് തീരുവ ബാധിച്ചില്ല; സമുദ്രോത്പന്ന കയറ്റുമതി ഉയർന്നു

**ന്യൂഡൽഹി:** ഇന്ത്യൻ കയറ്റുമതികൾക്കുമേൽ യുഎസിന്റെ തീരുവ നിലവിലുണ്ടായിട്ടും ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതിയിൽ 16 ശതമാനത്തിലധികം വർധന. ചൈന, വിയറ്റ്നാം, റഷ്യ, കാനഡ, യുകെ എന്നിവയുൾപ്പെടെ യുഎസ് ഇതര വിപണികളിലേക്കുള്ള കയറ്റുമതി വർധിച്ചതാണ് ഈ വളർച്ചയ്ക്ക് പ്രധാന കാരണം. ഈ സാമ്പത്തിക വർഷം ഏപ്രിൽ-ഒക്ടോബർ കാലയളവിൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി 16.18 ശതമാനം ഉയർന്ന് 4.87 ബില്യൺ ഡോളറിലെത്തിയതെന്ന് വാണിജ്യ മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

ഇന്ത്യയുടെ സമുദ്രോത്പന്നങ്ങൾക്ക് 50 ശതമാനം തീരുവ ചുമത്തിയതിനാൽ യുഎസിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതിയിൽ ഇടിവുണ്ടായി. പരമ്പരാഗതമായി ഇന്ത്യയുടെ



ഏറ്റവും വലിയ ചെമ്മീൻ വിപണിയായ അമേരിക്കയിലേക്കുള്ള കയറ്റുമതി 7.43 ശതമാനം ഇടിഞ്ഞ് 85.47 മില്യൺ യുഎസ് ഡോളറിലെത്തി.

ഏഷ്യയിലെയും യൂറോപ്പിലെയും വാങ്ങലുകാർ സ്ഥിരമായ ഗുണനിലവാരത്തിനും മത്സരാധിഷ്ഠിത വിലനിർണയത്തിനുമായി ഇന്ത്യൻ വിതരണക്കാരിലേക്ക് തിരിയുന്നത് സമുദ്രോത്പന്ന കയറ്റുമതിക്ക് ഗുണകരമാകുന്നു. ഏഴ് മാസ കാലയളവിൽ ചൈനയിലേക്കും വിയറ്റ്നാമിലേക്കുമുള്ള ചെമ്മീനിന്റെയും കൊഞ്ചിന്റെയും കയറ്റുമതി 24.54 ശതമാനവും 123.63 ശതമാനവും വർധിച്ച് യഥാക്രമം 568.32 മില്യൺ ഡോളറും 261.67 മില്യൺ ഡോളറുമായി.

ബെൽജിയം, ജപ്പാൻ, റഷ്യ, കാനഡ, യുകെ എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതി യഥാക്രമം 94.18 ശതമാനം, 10.84 ശതമാനം, 49 ശതമാനം, 13.54 ശതമാനം, 28.81 ശതമാനം എന്നിങ്ങനെയും ഉയർന്നു.

സമുദ്രോത്പന്ന കയറ്റുമതിയിലെ കുതിപ്പിന് പ്രധാനമായും കാരണം ഇന്ത്യയുടെ മുൻനിര സമുദ്ര വിഭാഗമായ ചെമ്മീനിന്റെയും കൊഞ്ചിന്റെയും ആരോഗ്യകരമായ വളർച്ചയാണ്. ഇത് ഏപ്രിൽ-ഒക്ടോബർ മാസങ്ങളിൽ 17.43 ശതമാനം വർധനവ് രേഖപ്പെടുത്തി, 2.64 ബില്യൺ ഡോളറിൽ നിന്ന് 3.10 ബില്യൺ ഡോളറായി വർധിച്ചതായി കണക്കുകൾ പറയുന്നു.

## ഫ്രാൻസുമായി ചേർന്ന് ഹാമർ മിസൈലുകൾ നിർമിക്കാൻ ഇന്ത്യ, കരാർ ഒപ്പുവച്ചു



**ന്യൂഡൽഹി:** ഫ്രാൻസുമായി ചേർന്ന് വായുവിൽ നിന്ന് കരയിലേക്ക് തൊടുക്കാവുന്ന ഹാമർ മിസൈലുകൾ നിർമിക്കാൻ ഇന്ത്യ. പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും (ബെൽ) ഫ്രഞ്ച് കമ്പനി സഫ്രാൻ ഇലക്ട്രോണിക്സ് ആൻഡ് ഡിഫൻസും (സെഡ്) സംയുക്തമായാണു ഹൈലി അജൈൽ മോഡുലാർ മ്യൂട്ടേഷൻ എക്സ്റ്റെൻഡഡ് റേഞ്ച് (ഹാമർ) സ്മാർട്ട് മിസൈലുകൾ നിർമിക്കുന്നത്. ഇതു സംബന്ധിച്ച സംയുക്ത സംരംഭ സഹകരണ കരാറിൽ ഇരു സ്ഥാപനങ്ങളും ഒപ്പുവച്ചു. ഈ വർഷം ഫെബ്രുവരി 11ന് ബെംഗളൂരുവിൽ നടന്ന എയ്റോ ഇന്ത്യ ഷോയിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ തുടർച്ചയായാണ് ഈ കരാർ.

കരാർപ്രകാരം മിസൈൽ നിർമാണത്തിന് ബെലിനും സെഡിനും 50% വീതം പങ്കാളിത്തമുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സ്ഥാപിക്കും. മിസൈലിന്റെ 60 ശതമാനവും ഇന്ത്യൻ നിർമിത ഭാഗങ്ങളായിരിക്കും. ഹാമർ മിസൈലുകളുടെ നിർമാണം, വിതരണം, അറ്റകുറ്റപ്പണി എന്നിവയെല്ലാം ഇതിനു കീഴിലാകും നടത്തുക. വ്യോമസേന ഉപയോഗിക്കുന്ന റഫാൽ യുദ്ധവിമാനങ്ങളിലും നാവികസേന വാങ്ങുന്ന റഫാൽ നേവൽ വിമാനങ്ങളിലും പുതിയ ഹാമർ മിസൈലുകൾ ഘടിപ്പിക്കും. പാക്കിസ്ഥാന്റെ ഭീകര കേന്ദ്രങ്ങൾ തകർക്കാൻ ലക്ഷ്യമിട്ട് മേയിൽ നടത്തിയ ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ വ്യോമസേന ഈ ഫ്രഞ്ച് നിർമിത ആയുധം വ്യാപകമായി ഉപയോഗിച്ചിരുന്നു. ഗൽവാൻ സംഘർഷത്തെ തുടർന്ന് 2020ൽ ചൈനയുമായുള്ള സംഘർഷത്തിനിടെ, ഇന്ത്യ ഈ ആയുധ സംവിധാനം അടിയന്തര സംഭരണ മാർഗത്തിലൂടെ ഓർഡർ ചെയ്തിരുന്നു.

## എസ്ഐആറിന് സ്റ്റേ ഇല്ല; കേരളത്തിന്റെ ഹർജി ഡിസംബർ രണ്ടിന് സുപ്രീംകോടതി പരിഗണിക്കും




**ന്യൂഡൽഹി:** കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം തുടരുന്നതിന് തടസമില്ലെന്ന് സുപ്രീംകോടതി. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ വോട്ടർപട്ടിക പരിഷ്കരണം നീട്ടിവയ്ക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ നല്കിയ ഹർജി പരിഗണിക്കവേയാണ് കോടതിയുടെ നിരീക്ഷണം. അതേസമയം, ഹർജിയിൽ കോടതി സ്റ്റേ അനുവദിച്ചില്ല. കേരളത്തിന്റെ കേസ് ഡിസംബർ രണ്ടിന് പരിഗണിക്കും. എസ്ഐആറിൽ കേരളത്തിന്റെ സാഹചര്യം വ്യത്യസ്തമാണെന്ന് നിരീക്ഷിച്ച കോടതി കേരളത്തിന്റെ ഹർജിയിൽ ഇടപെടണോ എന്ന് അന്നു തീരുമാനിക്കാമെന്നും അറിയിച്ചു. കേരളത്തിലെ വിഷയത്തിൽ തിങ്കളാഴ്ചയ്ക്കുള്ളിൽ സത്യവാങ് മൂലം നൽകണമെന്നും സുപ്രീംകോടതി നിർദേശം നൽകി. എന്നാൽ കേരളത്തിൽ രാഷ്ട്രീയപാർട്ടികളാണ് പ്രശ്നം ഉണ്ടാക്കുന്നതെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീം കോടതിയിൽ വാദിച്ചത്. നടപടികൾ വേഗത്തിൽ നടക്കുകയാണെന്നും ആവശ്യമെങ്കിൽ സത്യവാംഗ്മൂലം സമർപ്പിക്കാമെന്നും കമ്മീഷൻ കോടതിയെ അറിയിച്ചു.

## ഇന്ത്യൻ പ്രതിരോധസേന ദേശീയ വികസനത്തിന്റെ സ്തംഭം : രാഷ്ട്രപതി

**ന്യൂഡൽഹി:** രാജ്യത്തിന്റെ പരമാധികാരം കാത്തുസൂക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധ സേന പ്രൊഫഷണലിസവും ദേശസ്നേഹവും പ്രകടമാക്കിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ കരസേനാ സെമിനാറായ 'ചാണക്യ ഡിഫൻസ് ഡയലോഗ് 2025'ന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി സാമാന്യ, തീവ്രവാദവിരുദ്ധ, മാനുഷിക വെല്ലുവിളികൾ ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ വെല്ലുവിളികളിലും, നമ്മുടെ സൈന്യം ശ്രദ്ധേയമാം വിധം അനുപൂരകമായും നിശ്ചയദാർഢ്യത്തോടെയും പ്രവർത്തിച്ചിട്ടുണ്ട്. അടുത്ത കാലത്തുണ്ടായ ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം നമ്മുടെ ഭീകര വിരുദ്ധ, പ്രതിരോധ തന്ത്രത്തിലെ നിർണായക നിമിഷമായി നിലകൊള്ളുന്നു. ഇന്ത്യയുടെ സൈനിക ശേഷി മാത്രമല്ല, സമാധാനം പാലിക്കുന്നതിൽ ദൃഢവും എന്നാൽ ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കാനുള്ള ഇന്ത്യയുടെ ധാർമ്മിക വ്യക്തതയും ലോകം ശ്രദ്ധിച്ചു. പ്രവർത്തനപരമായ പങ്കിനപ്പുറം, ഇന്ത്യൻ പ്രതിരോധസേന ദേശീയ വികസനത്തിന്റെ ഒരു സ്തംഭമായി തുടരുന്നു. നമ്മുടെ അതിർത്തികൾ ശക്തിപ്പെടുത്തുന്നതിനു പുറമേ, അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, വിനോദ സഞ്ചാരം, വിദ്യാഭ്യാസം എന്നിവയിലൂടെ അതിർത്തി പ്രദേശ വികസനത്തിലും അവർ സഹായം നൽകിയിട്ടുണ്ട്.ഇന്നത്തെ ഭൗമരാഷ്ട്രീയ പശ്ചാത്തലം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്ന് രാഷ്ട്രപതി പറഞ്ഞു.

പരസ്പരം മത്സരിക്കുന്ന ശക്തികേന്ദ്രങ്ങൾ, സാങ്കേതിക വിപ്ലവങ്ങൾ, പുതിയ സഖ്യരേഖകൾ എന്നിവയാൽ അന്താരാഷ്ട്ര സംവിധാനം മാറ്റിയെഴുതപ്പെടുകയാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. സൈബർ, ബഹിരാകാശം, വൈജ്ഞാനികം തുടങ്ങിയ നവീനമേഖലകളിലെ മത്സരങ്ങൾ സമാധാനത്തിനും സംഘർഷത്തിനുമിടയിൽ ഉള്ള അതിർവരമ്പുകൾക്ക് മങ്ങലേൽപ്പിക്കുന്നുവെന്നും രാഷ്ട്രപതി നിരീക്ഷിച്ചു.'വസുധൈവ കുടുംബകം' എന്ന നമ്മുടെ സാംസ്കാരിക ദർശനത്തിന്റെ അടിസ്ഥാനത്തിൽ, തന്ത്രപരമായ സ്വയംഭരണവും ആഗോള ഉത്തരവാദിത്വവും ഒരുമിച്ച് നിലനിർത്താനുള്ള ശേഷി ഇന്ത്യ തെളിയിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി ഓർമ്മിപ്പിച്ചു. നയതന്ത്രം, സാമ്പത്തിക ശക്തി, സായുധസേനകൾ എന്നിവയുടെ യോജിച്ചുള്ള പ്രവർത്തനത്തിലൂടെ, സമാധാനം ലക്ഷ്യമാക്കുന്ന ഒരു രാഷ്ട്രമായി ഇന്ത്യ ലോകത്തിന് മുന്നിൽ അവതരിപ്പിക്കപ്പെടുകയാണെന്നും അതിർത്തികളേയും പൗരന്മാരേയും സംരക്ഷിക്കാനുള്ള ദൃഢനിശ്ചയവും ശേഷിയും നമ്മുടെ രാജ്യത്തിനുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.




## ഇംപാക്ട് റൈസ് സംരംഭം അവതരിപ്പിച്ച് ഐഐടി ഖരക്പുർ

**ന്യൂഡൽഹി:** സാമൂഹിക പരിവർത്തനത്തിനായി സാങ്കേതികവിദ്യയെ ഉപയോഗിക്കാൻ ലക്ഷ്യമിട്ട് ഐഐടി ഖരക്പുർ ആവിഷ്കരിച്ച ഇംപാക്ട് റൈസ് പദ്ധതിക്ക് തുടക്കം.

ഐഐടി ഖരക്പുരിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതി ഡയറക്ടർ പ്രഫ. സുമൻ ചക്രവർത്തിയാണ് ന്യൂഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ഉദ്ഘാടനം ചെയ്തത്.

രാജ്യത്തിന്റെ വികസനവെല്ലുവിളികൾ നേരിടുന്നതിനായി ശാസ്ത്രസാങ്കേതിക വൈദഗ്ധ്യത്തെ എങ്ങനെ ഉപയോഗിക്കാമെന്ന് അദ്ദേഹം വിശദീകരിച്ചു. ശാസ്ത്രം, എൻജിനിയറിംഗ്, സാങ്കേതികവിദ്യ എന്നിവയെല്ലാം സാമൂഹികമാറ്റത്തിലേക്ക് നയിക്കുമെന്ന ഉറപ്പാണ് ഇംപാക്ട് റൈസ് നൽകുന്നത്.

ഗവേഷണം, നവീകരണം, വൈദഗ്ധ്യം, സംരംഭകത്വം എന്നിവയാണു പദ്ധതിയുടെ അടിസ്ഥാനം. ഇവ ഒരുമിച്ചാൽ ഫലപ്രദമായ മാറ്റമുണ്ടാകും അദ്ദേഹം പറഞ്ഞു.

ഐഐടി ഖരക്പുരിന്റെ ദൗത്യത്തിനൊപ്പം ചേരാൻ അദ്ദേഹം സർക്കാർ വകുപ്പുകളെയും കോർപറേഷനുകളെയും എൻജിഒകളെയും അന്താരാഷ്ട്ര ഏജൻസികളെയും ക്ഷണിച്ചു.

സാങ്കേതികവിദ്യയുടെ വിന്യാസത്തിലൂടെയും വൈദഗ്ധ്യത്തിലൂടെയും അടുത്ത ഒരു പതിറ്റാണ്ടിൽ 12 ലക്ഷം പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണു ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വൈവിധ്യങ്ങളുടെ സമന്വയമായി ബിനാലെ വേദികൾ

**കൊച്ചി:** പൈതൃകത്തിന്റെയും സംസ്കാരങ്ങളുടെയും വൈവിധ്യങ്ങളുടെയും സമന്വയമായി മാറുകയാണ് കൊച്ചി മുസിരിസ് ബിനാലെയുടെ (കെ.എം.ബി) ആറാം ലക്കത്തിന്റെ വേദികൾ. നിലവിലുള്ള ഒമ്പത് വേദികൾക്കും ഏഴ് കൊലാറ്ററൽ വേദികൾക്കും പുറമെ പന്ത്രണ്ട് പുതിയ വേദികൾ കൂടി ഇക്കുറി ഉൾപ്പെടുത്തിയിട്ടുണ്ട്. പശ്ചിമകൊച്ചി, വെല്ലിംഗ്ടൺ ഐലൻഡ് തുടങ്ങി എറണാകുളം വരെ വ്യാപിച്ചു കിടക്കുന്ന ഈ വേദികൾ ഡിസംബർ 12 മുതൽ സമകാലീനകലയുടെ ആഗോളവിരുന്നിന് ആതിഥേയത്വം വഹിക്കും. ഓരോ വേദിയും ഈ നഗരത്തിന്റെ ഭൂതകാലത്തെയും വർത്തമാനകാലത്തെയും ബന്ധിപ്പിക്കുന്ന ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും കൂട്ടായ ഓർമ്മകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. 2012ൽ ബിനാലെ ആരംഭിച്ചതു മുതൽ തന്നെ പഴയതും ശൂന്യവുമായ മുൻ ഗോഡൗണുകളും ചരിത്രപരമായ കെട്ടിടങ്ങളും കലാപ്രദർശന വേദികളായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഉപയോഗിച്ച് വരുന്നുണ്ട്.

നിരന്തരമായ പരിണാമം സംഭവിക്കുന്ന സമകാലീന കലയുടെ സ്വഭാവത്തെയും ക്യൂറേറ്റോറിയൽ പ്രമേയത്തെയും പ്രതിധ്വനിക്കുന്ന വിധത്തിലാണ് ഓരോ വേദിയും തെരഞ്ഞെടുത്തതെന്ന് ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വി.വേണു പറഞ്ഞു. എറണാകുളത്തെ ദർബാർ ഹാൾ മുതൽ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലൻഡ് എന്നിവിടങ്ങളിലെ വേദികൾ കൊച്ചിയുടെ ജീവിതത്തിന്റെയും അതിജീവിച്ച കാലത്തിന്റെയും പര്യവേക്ഷണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലോകമെമ്പാടുമുള്ള 66 കലാകാരന്മാരുടെയും കൂട്ടായ്മകളുടെ സൃഷ്ടികളുമാണ് പ്രധാനവേദികളിൽ പ്രദർശിപ്പിക്കുന്നത്. ഇത് കൂടാതെ കേരളീയരായ 36 കലാകാരന്മാരുടെയും കൂട്ടായ്മകളുടെയും ക്യൂറേറ്റഡ് പ്രദർശനമായ 'ഇടം', രാജ്യത്തെ ഏഴ് മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥി കലാകാരന്മാർ ക്യൂറേറ്റ് ചെയ്യുന്ന സ്റ്റുഡന്റ്സ് ബിനാലെ(എസ്ബി), കമ്മ്യൂണിറ്റികൾ, കുട്ടികൾ, കലാ അധ്യാപകർ, അധ്യാപകർ എന്നിവർക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഫൗണ്ടേഷന്റെ ഗവേഷണാധിഷ്ഠിത കലാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ ആർട്ട് ബൈ ചിൽഡ്രൻ (എബിസി) എന്നിവയും വിവിധ വേദികളിലായി നടക്കും. കൂടാതെ സ്ഥാപനങ്ങൾ, കൂട്ടായ്മകൾ, നെറ്റ്വർക്കുകൾ എന്നിവയ്ക്കിടയിൽ പങ്കാളിത്തം വളർത്തി അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന പദ്ധതിയായ റെസിഡൻസി പോലുള്ള സമാന്തര പ്രദർശനങ്ങളും ഉണ്ടാകും.

വേദികളിലെ ഒരുക്കങ്ങൾ അതിവേഗതയിൽ നടക്കുകയാണ്. സെന്റ് ആൻഡ്രൂസ് പാരിഷ് ഹാൾ (എസ്.ബി, ഇൻവിറ്റേഷൻസ്), അർത്ഥശില, കൊച്ചി (എസ്.ബി), ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ (ഇൻവിറ്റേഷൻസ്), വാട്ടർ മെട്രോ (എ.ബി.സി) എന്നിവയാണ് ഫോർട്ട് കൊച്ചിയിലെ പുതിയ വേദികൾ. മട്ടാഞ്ചേരിയിലെ ബസാർ റോഡിൽ ബി.എം.എസ് വെയർഹൗസ് (എസ്.ബി), 111 മർക്കസ് ആൻഡ് കഫെ (കെ.എം.ബി), എസ്.എം.എസ് ഹാൾ (കെ.എം.ബി), ദേവസ്സി ജോസ് ആൻഡ് സൺസ് (ഇൻവിറ്റേഷൻസ്, റെസിഡൻസി), സിമി വെയർഹൗസ് (ഇൻവിറ്റേഷൻസ്), ക്യൂബ് ആർട്ട് സ്പേസസ് (ഇടം), സ്പേസ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് (കെ.എം.ബി, ഇൻവിറ്റേഷൻസ്, എസ്.ബി) എന്നിവയാണ് മട്ടാഞ്ചേരിയിലെ വേദികൾ. വെല്ലിംഗ്ടൺ ദ്വീപിലെ വാട്ടർ മെട്രോ സ്റ്റേഷന് അടുത്താണ് ഐലൻഡ് വെയർഹൗസ് (കെ.എം.ബി) സ്ഥിതി ചെയ്യുന്നത്. വെള്ളത്താൽ ചുറ്റപ്പെട്ട ഈ വേദികളെല്ലാം വാട്ടർ മെട്രോ വഴി ബന്ധിപ്പിച്ചിരിക്കുന്നു. എറണാകുളത്തെ ദർബാർ ഹാളും (കെ.എം.ബി) വാട്ടർ മെട്രോ വഴിയും മറ്റ് ബോട്ട് സർവീസുകൾ വഴിയും മറ്റ് ബിനാലെ വേദികളുമായി ബന്ധപ്പെട്ട് കിടക്കുന്നു.

ഡച്ച് വാസ്തുവിദ്യയുടെ വിസ്മയമായ ഡേവിഡ് ഹാൾ (ഇൻവിറ്റേഷൻസ്), അർത്ഥശില കൊച്ചി, സെന്റ് ആൻഡ്രൂസ് പാരിഷ് ഹാൾ, ആസ്പിൻവാൾ ഹൗസ് (കയർ ഗോഡൗൺ, ഡയറക്ടർ ബംഗ്ലാവ്), പെപ്പർ ഹൗസ്, അർമാൻ കളക്ടീവ് ആൻഡ് കഫെ (ഇടം), ആനന്ദ് വെയർഹൗസ്, ഗാർഡൻ കൺവെൻഷൻ സെന്റർ (ഇടം) വി.കെ.എൽ വെയർഹൗസ്, പഴയന്നൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാഗമായ ഊട്ടുപുര (ഇൻവിറ്റേഷൻസ്) എന്നിവയാണ് ഫോർട്ട് കൊച്ചിയിലെ മറ്റ് വേദികൾ.

# എട്ടുകോടിയുടെ വികസന പദ്ധതിക്ക് അനുമതിയില്ല; മലങ്കര ടൂറിസത്തിന് മരണമണി

**മുട്ടം:** സ്വകാര്യ പങ്കാളിത്തതോടെ മലങ്കര ടൂറിസം വികസിപ്പിക്കാനുള്ള പദ്ധതിക്ക് അനുമതി നിഷേധിച്ച് സർക്കാർ. എട്ടുകോടി മുടക്കി സമ്പൂർണ വികസനം നടപ്പാക്കാനുള്ള ജനറൽ കൗൺസിൽ തീരുമാനത്തിനാണ് അനുമതി നിഷേധിച്ചത്. പാർക്കിന്റെ സമ്പൂർണ വികസനം നടപ്പാക്കാൻ പെരുമ്പാവൂർ ആസ്ഥാനമായ ഏജൻസി അപേക്ഷ സമർപ്പിച്ചത് മാസങ്ങൾക്ക് മുമ്പാണ്.

ശേഷം ചേർന്ന മലങ്കര ജനറൽ കൗൺസിൽ യോഗം ഈ അപേക്ഷ സർക്കാറിൻറെ പരിഗണനക്കായി അയച്ചിരുന്നു. ലഭിച്ച ആറ് അപേക്ഷകളിൽ ഏറ്റവും മികച്ചതാണ് അയച്ചത്. എന്നാൽ, പി.പി.പി മോഡൽ വികസനത്തിന് അനുമതി നൽകാൻ കഴിയില്ലെന്നും സർക്കാർ ഏജൻസിയായ കെ.ഐ.ഡി.സിയോടെ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദേശിക്കുകയുമാണ് സർക്കാർ ചെയ്തിരിക്കുന്നത്.

സർക്കാർ ഫണ്ട് ചെലവഴിക്കാതെ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പി.പി.പി (പൊതുസ്വകാര്യ പങ്കാളിത്തം) മോഡൽ അപേക്ഷ ക്ഷണിച്ചപ്പോൾ ലഭിച്ചത് എട്ടു കോടിയുടെ വികസന പദ്ധതികളാണ്. പെരുമ്പാവൂർ ആസ്ഥാനമായ ഏജൻസിയാണ് എട്ടുകോടി മുടക്കി മലങ്കര ടൂറിസം പദ്ധതി ഏറ്റെടുക്കാൻ സന്നദ്ധമായത്.

ലഭിച്ച ആറ് അപേക്ഷയിൽനിന്നാണ് ഇവരെ തെരഞ്ഞെടുത്തത്. എന്നാൽ, പദ്ധതിതുക വലുതായതിനാൽ സർക്കാറിന്റെ അനുമതി ആവശ്യമായിരുന്നു. സർക്കാർ അനുകൂല തീരുമാനം എടുക്കാത്തതിനാൻ വികസനം ഉടനെങ്ങും യാഥാർഥ്യമാകില്ല.



സർക്കാറിന് സാമ്പത്തിക ബാധ്യത ഇല്ലാതെ ടൂറിസം വികസനം നടത്താൻ കഴിയുന്നതായിരുന്നു പി.പി.പി മോഡൽ പദ്ധതി.

അനുമതി ലഭിച്ചാൽ സോളാർ ബോട്ടിങ്, ലൈറ്റ് മ്യൂസിക് ഷോ, എൻട്രൻസ് പ്ലാസയുടെ നവീകരണം തുടങ്ങിയവ ഏജൻസിയുടെ ചെലവിൽ യാഥാർഥ്യമാക്കുമെന്നായിരുന്നു കരാർ.

നിശ്ചിത ശതമാനം ടൂറിസം കൗൺസിലിനും എം.വി.ഐ.പിക്കും ലഭിക്കുമായിരുന്നു. തുടർന്നുള്ള കാലാവധിയിലേക്ക് പാർക്കിന്റെ നവീകരണവും നടത്തിപ്പും ഏജൻസി ഏറ്റെടുക്കുകയും ചെയ്യുമായിരുന്നു.

സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുന്ന സർക്കാറിന് കോടികൾ മുടക്കി മലങ്കര ടൂറിസം പദ്ധതിയെന്ന് വിപുലീകരിക്കാൻ കഴിയുമെന്നതിൽ ആശങ്കയിലാണ് നാട്ടുകാർ.

## തദ്ദേശ തിരഞ്ഞെടുപ്പ്: നിരോധിത വസ്തുക്കൾ പിടിച്ചെടുത്തു; പിഴ ചുമത്തി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്

**കൊച്ചി:** തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹരിത ചട്ടം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ നിന്ന് നിരോധിത വസ്തുക്കൾ പിടിച്ചെടുത്തു. മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച പ്രിന്റിങ് മെറ്റീരിയലുകൾ മാത്രമേ ഉപയോഗിക്കാവു എന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന ശക്തമാക്കിയത്. പരിശോധനയിൽ സ്ഥാപനത്തിൽ നിന്നും ഏകദേശം 30 ലക്ഷം രൂപയുടെ നിരോധിത വസ്തുക്കൾ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തുകയും 50000 രൂപ ഫൈൻ ഈടാക്കുകയും ചെയ്തു. പിടിച്ചെടുത്ത വസ്തുക്കൾ കൊച്ചി കോർപ്പറേഷന് കൈമാറി. ഈ വസ്തുക്കൾ വിൽപ്പന നടത്തണമെങ്കിൽ ജില്ലാ കളക്ടറിൽ നിന്നും അനുമതി വാങ്ങണമെന്നും അതുവരെ സ്ഥാപനം അടച്ചിടണമെന്നും നിർദ്ദേശം നൽകി. പ്രവർത്തിക്കുന്നതിന് അനുമതി വാങ്ങിയതിനു ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കുകയുള്ളൂ എന്ന് കടയുടമയിൽ നിന്ന് രേഖാമൂലം എഴുതി വാങ്ങി. റീ സൈക്കിൾ ചെയ്യാവുന്ന പോളി എത്തിലീന് വസ്തുക്കൾക്ക് മാത്രമാണ് ഹരിത പെരുമാറ്റ ചട്ട പ്രകാരം പ്രചാരണത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും മലിനീകരണം നിയന്ത്രണ ബോർഡും അനുമതി നൽകിയിട്ടുള്ളത്. കൂടാതെ പേപ്പറുകളും 100 ശതമാനം കോട്ടൺ തുണികളും പ്രചാരണത്തിന് ഉപയോഗിക്കാം. ഇതിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള പ്രിന്റിങ് യൂണിറ്റുകളിൽ പരിശോധന നടത്തി വരികയാണ്.

## ഡീകോഡിംഗ് ദ ലേബർ കോഡ്സ്; ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുന്നു

**കൊച്ചി:** കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ 'ഡീകോഡിംഗ് ദ ലേബർ കോഡ്സ്' എന്ന വിഷയത്തിൽ ഇന്ന് കളമശ്ശേരി പ്രൊഡക്റ്റിവിറ്റി ഹൗസിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ പ്രിൻസിപ്പൽ കൺസൾട്ടന്റ് വർക്കിയച്ചൻ പെട്ട ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകുന്നു. ഭരണകൂടം പ്രഖ്യാപിച്ച പുതിയ നാല് ലേബർ കോഡുകൾ നവംബർ 21 മുതൽ പ്രാബല്യത്തിൽ വരുന്നതോടെ, രാജ്യത്തെ തൊഴിൽ മേഖലയിലെ ഏറ്റവും വലിയ നിയമപരമായ പരിഷ്കാരമാണ് ഇതിലൂടെ നടപ്പാകുന്നത്. നിരവധി പതിറ്റാണ്ടുകളായി നിലനിന്നിരുന്ന 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ ഏകീകരിച്ച് നാല് സമഗ്ര ലേബർ കോഡുകളായി കൊണ്ടുവന്നിരിക്കുന്നു. സംഘടനകൾക്കും എച്ച്. ആർ പ്രൊഫഷണലുകൾക്കും ഈ നിയമപരിവർത്തനങ്ങളുടെ ബാധകത മനസിലാക്കുകയും, അവ ശരിയായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നത്.

പുതിയ ലേബർ കോഡുകളുടെ പ്രധാന വ്യവസ്ഥകൾ, ഓപ്പറേഷണൽ, ഫിനാൻഷ്യൽ, ഐആർ ഇംപാക്റ്റുകൾ, വേതനം, സോഷ്യൽ സെക്യൂരിറ്റി, സുരക്ഷ, വേർക്കിംഗ് അവേഴ്സ്, ലേയോഫ്സ് എന്നിവയിലെ മാറ്റങ്ങൾ തുടങ്ങിയവ ശിൽപ്പശാലയിൽ അവതരിപ്പിക്കും. കൂടാതെ പുതിയ കംപ്ലയൻസ് ആവശ്യകതകൾ, രജിസ്റ്ററുകൾ, രേഖകൾ, കരാറുകൾ തുടങ്ങിയവയെ കുറിച്ചുള്ള വ്യക്തതയും നൽകപ്പെടും.

## എം ടെക്ക് കോസ്റ്റൽ എഞ്ചിനീയറിംഗ് റാങ്കിന്റെ തിളക്കത്തിൽ ഖദീജയും ജോഷ്വയും

**കൊച്ചി:** കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ എം ടെക്ക് കോസ്റ്റൽ ആൻഡ് മറൈൻ എഞ്ചിനീയറിംഗിൽ ഖദീജ ഖാൻ ഒന്നാം റാങ്ക് നേടി. കൊല്ലം, അഞ്ചൽ, മീനാറ്റുവിള വീട്ടിൽ യഹിയ ഖാന്റെയും സുഹൈറുത്തുന്നിസയുടെയും മകളാണ്. ജോഷ്വ ജോൺസനാണ് രണ്ടാം റാങ്ക് നേടിയത്. കൊല്ലം ആയൂർ ആലുവിള വീട്ടിൽ സിജു രാജിന്റെയും ലൂസി സിജുവിന്റെയും മകനാണ്.

# മഹല്ല് ഭാരവാഹികളുടെ സമ്മേളനം 29 ന്

**കൊച്ചി:** വഖഫ് സ്വത്തുക്കൾ കേരള വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനായി മഹല്ല് ഭാരവാഹികളുടെയും പണ്ഡിതന്മാരുടെയും പ്രത്യക സമ്മേളനം നവംബർ 29, ശനിയാഴ്ച കളമശേരിയിൽ നടക്കും. ഞാലകം ജമാഅത്ത് കൺവെൻഷൻസെന്ററിൽ രാവിലെ 9.30 ന് ആരംഭിക്കുന്ന കൺവെൻഷൻ ജമാഅത്ത് കൗൺസിൽ ജില്ലാ പ്രസിഡന്റ് ടി. എ അഹമ്മദ് കബീർ ഉദ്ഘാടനം ചെയ്യും. ഡോ. നൗഷാദ് ഹുദവി മുഖ്യപ്രഭാഷണം നടത്തും. കേരള വഖഫ് ബോർഡ് അംഗം അഡ്വ. പി.വി സൈനുദ്ദീൻ, ജമാഅത്ത് കൗൺസിൽ ജില്ലാ ജനറൽ സെക്രട്ടറി എ. എം അബൂബക്കർ തുടങ്ങിയവർ സംസാരിക്കും. വഖഫ് സ്വത്തുക്കൾ സർക്കാരിന്റെ ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് മഹല്ല് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടികൾക്ക് അന്തിമ രൂപം നൽകുന്നതിനാണ് സമ്മേളനം വിളിച്ചു ചേർത്തിരിക്കുന്നതെന്ന് ജമാഅത്ത് കൗൺസിൽ ജില്ലാ പ്രസിഡന്റ് ടി. എ അഹമ്മദ് കബീർ ജനറൽ സെക്രട്ടറി എ.എം അബൂബക്കർ, ട്രഷറർ ഡോ. എം.ഐ ജുനൈദ് റഹ്മാൻ എന്നിവർ അറിയിച്ചു.

സൊസൈറ്റി ടുഡേ SOCIETY TODAY

# 60 ദിവസത്തിനുള്ളിൽ വിളവെടുപ്പ്, കാബേജും കോളിഫ്ളവറും കൃഷി ചെയ്യാം



ഇതു ശീതകാലപച്ചക്കറിക്കൃഷി തുടങ്ങാനുള്ള സമയമാണ. ഹ്രസ്വകാല വിളകളായ കാബേജിന്റെയും കോളിഫ്ലവറിന്റെയും തൈകൾ നട്ട് രണ്ട്-രണ്ടര മാസം കൊണ്ട് വിളവെടുക്കാം. കാബേജിന്റെ ഭക്ഷ്യ യോഗ്യ ഭാഗത്തിന് ഇംഗ്ലിഷിൽ കർഡ് എന്നു പറയും. കാബേജ് ചെടിയുടെ അഗ്രഭാഗത്തുള്ള ഇലകൾ കൂടിച്ചേർന്നുണ്ടാകുന്ന മൊട്ടുപോലെയുള്ള ഹെഡ് ആണ് ഉപയോഗിക്കുന്നത്.

കേരളത്തിലെ സമതല പ്രദേശങ്ങളിൽ തുലാമഴ അവസാനിക്കുന്നതോടെ ഒക്ടോബർ-നവംബർ മാസങ്ങളിൽ കൃഷിയിറക്കാം. തവാരണകളിലോ ട്രേകളിലോ വിത്തു പാകി തൈകളാക്കി 20-25 ദിവസം പ്രായമാകുമ്പോൾ പറിച്ചുനടുന്നു. വിത്ത് കടുകുമണിപോലെ ഇരിക്കും. ഒരു ഗ്രാമിൽ 200-250 വിത്തുണ്ടാകും. നല്ല നീർവാർച്ചയുള്ളിടങ്ങളിൽ ഏകദേശം ഒരടി ഉയരത്തിലും സൗകര്യപ്രദമായ നീളത്തിലും തവാരണയുണ്ടാക്കാം. ഇത് മണൽ, മണ്ണിരക്കംപോസ്റ്റ്, ചകിരിക്കംപോസ്റ്റ് എന്നിവ 1:1:1 എന്ന അനുപാതത്തിൽ ചേർത്തുണ്ടാക്കണം. ശക്തമായ മഴയിൽനിന്നു തവാരണയെ സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വിത്തു പാകുന്നതിനു മുൻപ് തവാരണ നന്നായി നനയ്ക്കണം. അതിനു ശേഷം ഫൈനോലാൻ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് എന്ന കുമിൾനാശിനി 2 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തവാരണകളിൽ ഒഴിക്കണം. കുമിൾനാശിനി ഒഴിച്ച് 2 ദിവസം കഴിഞ്ഞ് വിത്തു പാകാം. ഒരേക്കറിലേക്ക് 200 ഗ്രാം വിത്തു മതി. 10 സെമീ. അകലത്തിൽ വരികളായി ഒരു സെ.മീ. ആഴത്തിൽ വിത്തു പാകാം. പാകിയ വിത്തുകൾ മണ്ണ്, മണൽ എന്നിവ 1:1 എന്ന അനുപാത്തിൽ കലർത്തിയ മിശ്രിതം നേരിയ തോതിൽ ഇട്ടു മൂടാം. വിത്ത് 4-5 ദിവസം കൊണ്ട് മുളച്ചു തുടങ്ങും. തൈകൾ 20-25 ദിവസം പ്രായമാകുമ്പോൾ പറിച്ചു നടാം.

മുളച്ചു വരുന്ന തൈകൾക്ക് കടചീയൽരോഗത്തിനു സാധ്യതയുണ്ട്. കടഭാഗം ചീഞ്ഞ് തൈകൾ ഉണങ്ങുന്നതാണ് ലക്ഷണം. ഇങ്ങനെ കണ്ടാൽ നന കുറയ്ക്കുക. ഫൈറ്റോലാൻ അഥവാ കോപ്പർ ഓക്സിക്ലോറൈഡ് എന്ന കുമിൾനാശിനി 2 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി തൈകളുടെ കടഭാഗത്ത് മണ്ണിൽ ഒഴിച്ചു കൊടുക്കണം. കോപ്പർ ഓക്സിക്ലോറൈഡിനു പകരം സ്യൂഡോമോണാസ് പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 15 ദിവസം കൂടുമ്പോൾ തവാരണകളിൽ ഒഴിച്ചുകൊടുക്കുന്നതും നന്ന്. വിത്തു പാകുന്നതിനു മുൻപ് തവാരണകളിൽ കുമിൾനാശിനി തളിക്കുന്നതും വിത്ത് വരിയായി അകലത്തിൽ പാകുന്നതും രോഗത്തെ ഒരു പരിധി വരെ തടയും.

കാബേജ്, കോളിഫ്ളവർ തൈകൾ 20-25 ദിവസം പ്രായമാകുമ്പോൾ പറിച്ചു നടാൻ പാകമാകും. അപ്പോഴേക്കും നനയും വളപ്രയോഗവും കുറച്ചുകൊണ്ടുവന്ന് തൈകളെ പുറത്തുള്ള കാലാവസ്ഥയിൽ പിടിച്ചു നിൽക്കാൻ പ്രാപ്തരാക്കണം. രോഗ-കീട വിമുക്തമായ കരുത്തുറ്റ തൈകൾ ഗ്രീൻ ഹൗസുകളിൽ പ്ലാസ്റ്റിക് പ്രോട്രേകളിലും ഉൽപാദിപ്പിക്കാം. പ്രോട്രേകളിൽ മണ്ണിനു പകരം ചകിരിക്കംപോസ്റ്റ്, വെർമികുലൈൻ, പെർലൈൻ എന്നിവ 3:1:1 എന്ന അനുപാതത്തിൽ ചേർത്തു നിറയ്ക്കണം.



നല്ല സൂര്യപ്രകാശവും നീർവാഴ്ചയും ഉള്ള സ്ഥലങ്ങളാണ് കാബേജ്, കോളിഫ്ലവർ കൃഷിക്ക് എറ്റവും യോജ്യം. നേന്ത്രവാഴത്തോട്ടങ്ങളിൽ ആദ്യഘട്ടത്തിൽ ഇടവിളയായും കൃഷി ചെയ്യാം. രണ്ടടി അകലത്തിലും ഒരടി വീതിയിലും താഴ്ചയിലും സൗകര്യപ്രദമായ നീളത്തിലും ചാലുകൾ കീറി അതിൽ മേൽമണ്ണും ജൈവവളവും ചേർത്ത് ചാലുകൾ മുക്കാൽ ഭാഗത്തോളം മൂടണം. ഇങ്ങനെ ഒരുക്കിയ ചാലുകളിൽ രണ്ടടി അകലത്തിൽ തൈകൾ നടാം. തൈകൾ നടുന്നതിനു തലേന്ന് ചാലുകൾ നനയ്ക്കുന്നതു നന്ന്. തൈകൾ നട്ട് 3-4 ദിവസത്തേക്ക് തണൽ കുത്തിക്കൊടുക്കുന്നത് തൈകൾ പിടിച്ചു കിട്ടുന്നതിന് സഹായകം.

നട്ട് 10 ദിവസം പ്രായമാകുമ്പോൾ തൈകൾക്ക് ആദ്യ വളപ്രയോഗം. തൈ ഒന്നിന് 15-20 ഗ്രാം എൻപികെ വളങ്ങൾ കൊടുക്കണം. വളപ്രയോഗം രണ്ടാഴ്ച കൂടുമ്പോൾ ആവർത്തിക്കണം. ഏക്കറിന് 130 കിലോ യൂറിയ, 80 കിലോ പൊട്ടാഷ്, 200 കിലോ രാജ്ഫോസ് എന്ന തോതിലാണ് വളമിടേണ്ടത്. മൂന്നാഴ്ച പ്രായമാകുമ്പോൾ മണ്ണിരക്കംപോസ്റ്റ്, കടലപ്പിണ്ണാക്ക്, വേപ്പിൻപിണ്ണാക്ക് എന്നിവ 2:1:1 അനുപാതത്തിൽ ചേർത്തത് തൈ ഒന്നിന് 50 ഗ്രാം വീതം ഇട്ട് മണ്ണ് കയറ്റിക്കൊടുക്കേണ്ടതാണ്. തൈകൾ ആവശ്യാനുസരണം നനയ്ക്കണം.

തൈകൾ നട്ട് 1-11/2 മാസം കഴിയുമ്പോൾ കോളിഫ്ളവറിൽ കർഡുകൾ കണ്ടുതുടങ്ങും. കാബേജിൽ 55-60 ദിവസം എടുക്കും ഹെഡുകൾ കണ്ടുതുടങ്ങാൻ. രണ്ടും 10-12 ദിവസം കൊണ്ട് പൂർണ വളർച്ചയാകും. അപ്പോൾ പറിച്ചെടുക്കണം. കർഡുകളുടെ നിറം നഷ്ടപ്പെടാതിരിക്കാൻ മൂപ്പെത്തുമ്പോൾ ചെടിയുടെ ഇലകൾകൊണ്ട് പൊതിഞ്ഞു നിർത്തുന്നത് നന്ന്. കീടനിയന്ത്രണത്തിനു ജൈവ കീടനാശിനികളായ വേപ്പിൻകുരു സത്ത്, വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം എന്നിവ ഉപയോഗിക്കാം.

# തഴുതാമ: ഔഷധഗുണത്തിൽ മുമ്പൻ

ബൊയർഹാവിയ ഡിഫ്യൂഡി എന്ന ശാസ്ത്രനാമത്തോടുകൂടിയ തഴുതാമയ്ക്ക് പുനർനവ എന്നു സംസ്കൃതത്തിലും തമിഴാമ എന്നു തമിഴിലും സ്പെഡിംഗ് ഹോഗ്വീഡ് എന്ന് ഇംഗ്ലീഷിലും പേരുകളുണ്ട്.

വേനൽക്കാലത്ത് ഉണങ്ങുകയും വർഷകാലത്ത് തളിർത്ത് പടർന്നു വളരുകയും ചെയ്യുന്നതിനാലാണ് ഇതിനു പുനർനവ എന്ന പേരു കിട്ടിയത്. ഔഷധസസ്യമായ ഇതിനെ നിക്ടാ ജിനേസിയേ എന്ന സസ്യകുടുംബത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ശരീരത്തിലെ നീര് ഇല്ലാതാക്കാനുള്ള ഇതിന്റെ കഴിവാണ് ഏറ്റവും പ്രധാനപ്പെട്ട ഗുണം.

**ഔഷധച്ചെടി:** തഴുതാമയുടെ ഇലയും വേരും സമൂലം ഔഷധയോഗ്യമാണ്. ഇളംതണ്ടും ഇലയും ഭക്ഷ്യയോഗ്യവും. ഇവ ഉപയോഗിച്ചുണ്ടാക്കുന്ന തോരൻ, മെഴുക്കുപുരട്ടി എന്നിവ ആരോഗ്യപ്രദമായ കറികൾതന്നെയാണ്.

**ഇനങ്ങൾ:** തഴുതാമ വെള്ള, ചുവപ്പ്, നീല, ഇളംപച്ച എന്നീ നിറങ്ങളിൽ നാല് ഇനങ്ങളുണ്ട്. ഭാരതത്തിലുടനീളം കളയായി വളരുന്ന ഈ ഔഷധച്ചെടിയുടെ പൂക്കൾ ചെറുതും കുലകളായി കാണപ്പെടുന്നതുമാണ്. ഇതിൽ വെള്ളനിറമുള്ള ഇനം വിയർപ്പിനെ വർധിപ്പിക്കും.

പക്ഷവാതസംബന്ധമായ രോഗങ്ങൾക്കും ഇതു ഫലപ്രദമാണ്. കൂടാതെ ഹൃദയത്തെയും വൃക്കയെയും ഉത്തേജിപ്പിക്കുന്ന ഒരു ഉത്തമ ഔഷധവുമാണിത്. കുഷ്ഠത്തിനും പാണ്ടുരോഗത്തിനും തഴുതാമ തൈലരൂപത്തിൽ ഉപയോഗിക്കാൻ ചകരസംഹിതയിൽ നിർദേശമുണ്ട്.

**രാസഘടകങ്ങൾ:** തഴുതാമയിൽ ധാരാളം പൊട്ടാസ്യം നൈട്രേറ്റും പുനർന്നവിൻ എന്ന ആൽക്കലോയിഡും അടങ്ങിയിരിക്കുന്നു. തഴുതാമ മലമൂത്രവിസർജനം ത്വരിതപ്പെടുത്തും. നീര്, ചുമ എന്നിവയെ ശമിപ്പിക്കുകയും ചെയ്യുന്നു.

ഹൃദ്രോഗം, വൃക്കരോഗം, വാതരോഗങ്ങൾ എന്നിവയ്ക്ക് ഒരു ഉത്തമ ഔഷധംകൂടിയാണിത്. തഴുതാമയുടെ വേര് പനിയെ ദൂരീകരിക്കുന്നു. ആമവാതം ശമിക്കാനുള്ള കഷായ നിർമാണത്തിൽ തഴുതാമ ഒരു പ്രധാന ഘടകമാണ്.

ആമവാതവും നീരും ശമിക്കാൻ തഴുതാമ ഇലത്തോരൻ വളരെ നന്ന്. അതുപോലെ ചുമയുടെ ശമനത്തിനും തഴുതാമ ഉത്തമമാണ്. കൂടാതെ മഞ്ഞപ്പിത്തം, നേത്രരോഗങ്ങൾ, ഉദരരോഗങ്ങൾ എന്നിവയുടെ ശമനത്തിനും തഴുതാമ ഉത്തമമാണ്. ശരീരത്തിലുണ്ടാകുന്ന നീരു മാറ്റാൻ തഴുതാമവേര് അരിക്കാടിയിൽ അരച്ചുപുരട്ടുന്നതു ഫലപ്രദമാണ്. കൂടാതെ തഴുതാമ വേര് പനിയെ ശമിപ്പിക്കുകയും ചെയ്യും. മൂത്രനാളീവീക്കം, മൂത്രക്കല്ല്, എലിവിഷം, പാമ്പിൻ വിഷം, ഉറക്കമില്ലായ്മ, രക്തവാതം, നേത്രരോഗങ്ങൾ എന്നിവയ്ക്ക് തഴുതാമവേര് കഷായം അതീവ ഗുണകരമാണ്. ഗുരുതരമായ അൽസറേറ്റീവ് കോളൈറ്റിസ്, ഹീമോഫീലിയ രോഗം എന്നിവയ്ക്കു ചുമന്ന തഴുമതാമ ഉപയോഗിച്ചുള്ള ഔഷധങ്ങൾ മേന്മയേറിയതാണ്. ഉയർന്ന രക്തസമ്മർദത്തിനും തഴുതാമ വേരു കഷായം നല്ലതാണ്. തഴുതാമ ചേർന്ന ആയുർവേദ കഷായങ്ങളിൽ ചിലതാണ് പുനർന്നവാദി കഷായം, സുകുമാരഘൃതം എന്നിവ. ഭഗന്ദം അഥവാ ഫിസ്റ്റുലയ്ക്കുള്ള ഔഷധത്തിൽ തഴുതാമയും ഒരു പ്രധാന ഘടകമാണ്.





# ഇന്ത്യയുടെ കടൽചരിത്രം;രാജ്യത്തെ ഏറ്റവും നീളമേറിയ ചുവർചിത്രം കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയുടേയും കേരളത്തിന്റെയും ചരിത്രമറിയാതെ യുവത്വം കടൽ കടക്കുകയും യൂറോപ്പും വിദേശ രാജ്യങ്ങളും മഹത്തരമാണെന്ന് പറയുന്നത് അംഗീകരിക്കാനാവില്ലെന്ന് കൊച്ചി ഷിപ്യാർഡ് സി. എം.ഡി മധു എസ്. നായർ പറഞ്ഞു. ഇന്ത്യയുടെ കടൽ ചരിത്രം അവതരിപ്പിക്കുന്ന ചുമർചിത്ര പദ്ധതിയുടെ ബ്രോഷർ കമഡോർ വി. ഇസൈഡ് ജോബിന് നൽകി പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു കാലത്ത് ലോക ജി.ഡി.പിയുടെ 30 ശതമാനം ഈ രാജ്യത്തായിരുന്നുവെന്ന് അവർ അറിയുന്നില്ല. മഹത്തായ കടൽ ചരിത്രമുള്ള ഇന്ത്യയുമായി അറബികളും പാശ്ചാത്യരും കച്ചവടം നടത്തിയത് ഈ മാർഗ്ഗം ഉപയോഗിച്ചായിരുന്നു. നമ്മുടെ ചരിത്രത്തെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനും ഗതകാല കടൽ ചരിത്രം ഓർമിപ്പിക്കാനും ചുമർചിത്ര പദ്ധതിയിലൂടെ സാധിക്കുമെന്ന് മധു എസ്. നായർ പറഞ്ഞു. ബോംബെ, വിശാഖപട്ടണം, കൊച്ചി എന്നിവ നേരിട്ട് കടൽ ബന്ധമുള്ള ഇന്ത്യൻ നഗരങ്ങളാന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൊച്ചിക്ക് അനന്യമായ കടൽചരിത്രമുണ്ട്. പക്ഷേ ഈ സമ്പന്നമായ പൈതൃകം പൊതുജനങ്ങൾക്ക് മുന്നിൽ പൂർണമായും അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഈ പശ്ചാത്തലത്തിൽ ഇന്ത്യയുടെ സമഗ്രമായ സമുദ്രചരിത്രം ക്രമപദ്ധതിയിൽ അവതരിപ്പിക്കുന്ന 1.3 കിലോമീറ്റർ നീളമുള്ള ചുമർ ചിത്രമാണ് ബികെആർജി തയ്യാറാക്കുന്നത്. ഇത് രാജ്യത്തെ തന്നെ ഏറ്റവും ദൈർഘ്യമേറിയ ചുമർ ചിത്രം ആവാനിടയുള്ളതിനാൽ ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിനും വിവരം അറിയിക്കും.

ചുമർചിത്ര രചനയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം ബികെആർജിയിൽ നിന്നും ഏറ്റെടുത്ത വൈസ് അഡ്മിറൽ പ്രേംസുതനാണ് ഇന്ത്യൻ നാവികസേനയുമായി ചർച്ചകൾ പൂർത്തിയാക്കിയത്. കൊച്ചിയുടെ സമുദ്രചരിത്രത്തിന്റെ ഭാഗമാണ് ഷിപ്യാർഡ് എന്നതിനാൽ പദ്ധതിക്ക് പിന്തുണയും സ്പോൺസർഷിപ്പും അവർ നൽകുന്നുണ്ട്. ഫിനാൻഷ്യൽ മാനേജ്മെന്റിനായി റീജണൽ സ്പോർട്സ് സെന്ററും ബികെആർജിയുമായി സഹകരിക്കുന്നുണ്ട്. ചുവർ ചിത്രം വരയ്ക്കുന്നതിന് സ്വന്തം സുരക്ഷാ മതിലിന്റെ പുറംഭാഗം ഇന്ത്യൻ നാവികസേന അനുവദിച്ചിട്ടുണ്ട്. നാവികസേനയിലെ ഓഫീസർമാരുമായുള്ള ചർച്ചകളിലൂടെയാണ് സമുദ്രചരിത്രവുമായി ബന്ധപ്പെട്ട നിർണായക വിവരങ്ങളും രേഖകളും ലഭിച്ചത്. കൂടാതെ ഐ.എൻ.എസ് ദ്രോണാചാര്യയിലെ നാവിക്കപ്പൽ മ്യൂസിയം സന്ദർശിക്കാനും അവർ സൗകര്യം ഒരുക്കി. പാലറ്റ് ഗ്രൂപ്പിലെ സിറിൽ ആണ് ക്യൂറേറ്ററായി ചുമതലയേറ്റിരിക്കുന്നത്. കലാകാരന്മാരോടൊപ്പം പ്രവർത്തിച്ച് ഓരോ പാനലിലേക്കും വരുന്ന ചരിത്രഘടകങ്ങൾ അദ്ദേഹം തെരഞ്ഞെടുക്കും.

ഏകദേശം 250 പാനലുകളായി മതിൽ വിഭജിച്ചിട്ടുണ്ട്. ഓരോ പാനലിലും ഒരു പ്രമുഖ കലാകാരനും ഒന്നോ രണ്ടോ ജൂനിയർ ആർട്ടിസ്റ്റുകളും ആർട്ട് സ്റ്റുഡന്റ്സും ചേർന്ന് പ്രവർത്തിക്കും. യു വി കിരണങ്ങളും മഴയും ഈർപ്പവും ഉൾപ്പെടെയുള്ള വയ്ക്കെതിരെ ദീർഘകാലം നിലനിൽക്കുന്ന പ്രത്യേക പെയിന്റുകൾ തയ്യാറാക്കുന്നതിന് വിവിധ പെയിന്റ് കമ്പനികളുമായി ബികെആർജി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. മതിലിനൊപ്പം സഞ്ചരിക്കാൻ അനുയോജ്യമായ ഫുട്പാത്തും ലൈറ്റിംഗും ഉൾപ്പെടുന്ന മനോഹരമായ സൗകര്യങ്ങളും ഒരുക്കുന്നതിന് ടൂറിസം വകുപ്പിന് നാവികസേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓരോ കലാചിത്രത്തിന്റെയും വിശദീകരണം പെയിന്റിംഗ് തുടങ്ങുന്നതിന് മുൻപ് പാനലുകളിൽ പ്രദർശിപ്പിക്കും. ക്രൗഡ് ഫണ്ടിംഗിലൂടെയാണ് പ്രധാനമായും സാമ്പത്തികം കണ്ടെത്തുന്നത്. ഓരോ പാനലും ഒരു ലക്ഷം രൂപയ്ക്കാണ് സ്പോൺസർ ചെയ്യുന്നത്. ഇതിനായി ഇതിനകം തന്നെ നിരവധി പേർ രംഗത്തെത്തിയിട്ടുണ്ട്.

# മഹീന്ദ്ര –പഞ്ചാബ് നാഷണൽ ബാങ്ക് ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രിക് വാണിജ്യ വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡും (എംഎൽഎംഎംഎൽ), ഇന്ത്യയിലെ രണ്ടാമത്തെ വലിയ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്കും (പിഎൻബി) വാഹനസംബന്ധമായ സാമ്പത്തിക പരിഹാരങ്ങൾക്കായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഫൈനാൻസിങ് ഓപ്ഷനുകളിലേക്കുള്ള പ്രവേശനം എളുപ്പമാക്കുന്നതിലൂടെ, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിയിൽ ഗുണപരമായ മാറ്റവും നൂതനാശയങ്ങളും കൊണ്ടുവരാനാണ് ഈ പങ്കാളിത്തത്തിലൂടെ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡും പിഎൻബിയും ലക്ഷ്യമിടുന്നത്. അടുത്തിടെ രാജ്യത്ത് ആദ്യമായി മൂന്ന് ലക്ഷം വാണിജ്യ ഇലക്ട്രിക് വാഹന വിൽപനയെന്ന നാഴികക്കല്ല് പിന്നിട്ടതായി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് പ്രഖ്യാപിച്ചിരുന്നു. അതേസമയം ഇന്ത്യയിലുടനീളമുള്ള പതിനായിരത്തിലധികം ശാഖകളിലൂടെ സമാനതകളില്ലാത്ത ആക്സസിബിലിറ്റിയും ലഭ്യതയുമാണ്



പഞ്ചാബ് നാഷണൽ ബാങ്ക് വാഗ്ദാനം ചെയ്യുന്നത്. അർധനഗര, ഗ്രാമ വിപണികളിലുൾപ്പെടെ ബാങ്കിന് ശാഖകളുണ്ട്.

ബാങ്കിന്റെ കസ്റ്റമൈസ്ഡ് ഫൈനാൻസിങ് സ്കീമുകൾ, എളുപ്പത്തിലുള്ള തിരിച്ചടവ് ഷെഡ്യൂളുകൾ എന്നിവ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് വാഹനങ്ങളുടെ മുഴുവൻ ശ്രേണിക്കും തടസമില്ലാത്ത ഫൈനാൻസിങ് സാധ്യമാക്കും.

പരിസ്ഥിതി സൗഹൃദ ഗതാഗത പരിഹാരങ്ങൾ കൂടുതൽ പ്രാപ്യമാക്കുന്നതിനമായി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡുമായി കൈകോർക്കുന്നതിൽ സന്തോഷമുണ്ടെന്ന് പഞ്ചാബ് നാഷണൽ ബാങ്ക് എംഡിയും സിഇഒയുമായ അശോക് ചന്ദ്ര പറഞ്ഞു.



# മലബാർ ഗോൾഡ് 'ബ്രൈഡ്സ് ഒഫ് ഇന്ത്യ' പ്രചാരണം

**കൊച്ചി:** ഇന്ത്യൻ വധുവിന്റെ വൈവിദ്ധ്യമാർന്ന പൈതൃകത്തെ ആഘോഷിക്കുന്ന ആഭരണ ശേഖരവുമായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ബ്രൈഡ്സ് ഒഫ് ഇന്ത്യ ക്യാമ്പയിന്റെ പതിനഞ്ചാം എഡിഷന് തുടക്കമായി. വിവാഹ ദിനങ്ങളിൽ ഇന്ത്യൻ വധുവിന്റെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന ആഭരണങ്ങളാണ് ഇത്തവണ രൂപകൽപ്പന ചെയ്തിട്ടുള്ളത്. പരിശുദ്ധിയും കരകൗശല വൈദഗ്ധ്യവുമെല്ലാം ഉറപ്പാക്കുന്ന ആധുനിക ഡിസൈനുകളിലെ ആഭരണ ശ്രേണിയാണ് ഒരുക്കിയിട്ടുള്ളത്. ഇത്തവണ 22 വധുക്കളും 10 സെലിബ്രിറ്റികളും ഒരുമിച്ച് അണിനിരക്കും. കരീന കപൂർ ഖാൻ, കാർത്തി, എൻ. ടി .ആർ, ആലിയ ഭട്ട്, ശ്രീനിധി ഷെട്ടി, അനിൽ കപൂർ, രുക്മിണി മൈത്ര, സബ്യസാചി മിശ്ര, പ്രാർത്ഥന ബെഹെരെ, മാനസി പരേഖ് എന്നിവരാണ് ക്യാമ്പയിന്റെ ഭാഗമാകുന്നത്. പതിനഞ്ചാം എഡിഷൻ സുപ്രധാന നാഴികക്കല്ലാണെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം. പി അഹമ്മദ് പറഞ്ഞു.

## ബ്രിട്ടാനിയ മിൽക്ക് ബിക്കിസ് അഡെങ്കപ്പ കഥൈഗൾ 2.0 വീണ്ടും അവതരിപ്പിക്കുന്നു

**കൊച്ചി:** ബ്രിട്ടാനിയ മിൽക്ക് ബിക്കിസ് അഡെങ്കപ്പ കഥൈഗൾ 2.0 തിരികെയെത്തിക്കുന്നു. ടാലന്റഡ് വികസിപ്പിച്ചെടുത്ത എഐ സഹായത്തോടെയുള്ള കഥപറച്ചിൽ പ്ലാറ്റ്ഫോം ദൈനംദിന വസ്തുക്കൾ ഉപയോഗിച്ച് രസകരമായ കഥകൾ സൃഷ്ടിക്കാൻ തമിഴ്നാട്ടിലെ കുടുംബങ്ങളെ സഹായിക്കാനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഏതൊരു ബ്രിട്ടാനിയ മിൽക്ക് ബിക്കിസ് പാക്കറ്റും സ്കാൻ ചെയ്ത് ഇംഗ്ലീഷിലോ തമിഴിലോ കഥകൾ തൽക്ഷണം സൃഷ്ടിക്കാനാകുമെന്ന് ബ്രിട്ടാനിയ അധികൃതർ അറിയിച്ചു. ചുറ്റുമുള്ള എന്തിലും കഥകൾ ഉണ്ടാകാമെന്ന ചിന്തയിൽ വേരൂന്നിയ ഈ പ്ലാറ്റ്ഫോം, കുടുംബങ്ങൾക്ക് എന്തും പര്യവേക്ഷണം ചെയ്യാനും അവയ്ക്ക് ചുറ്റും കഥകൾ രൂപപ്പെടുത്താനും പ്രോത്സാഹനം നൽകുന്നു. രക്ഷിതാക്കൾക്കും കുട്ടികൾക്കും തങ്ങളുടെ സൃഷ്ടികൾ വീഡിയോ വിവരണങ്ങളായി റെക്കോർഡ് ചെയ്യാൻ അവസരമുണ്ട്. ഏറ്റവും മികച്ച എൻട്രികൾക്ക് എല്ലാ ആഴ്ചയും ആകർഷക സമ്മാനങ്ങൾ, അല്ലെങ്കിൽ ഹോങ്കോങ്ങിലേക്കുള്ള യാത്രക്ക് അവസരം ലഭിക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രത്യേക സജ്ജീകരണമോ പരിശ്രമമോ ആവശ്യമില്ലാതെ, വീട്ടിൽ സർഗ്ഗാത്മകതയെ ഉണർത്തുന്നതിനുള്ള ലളിതമായ ഉപകരണങ്ങൾ മാതാപിതാക്കൾക്ക് നൽകാൻ ലക്ഷ്യമിടുന്നതായി ബ്രിട്ടാനിയ മാർക്കറ്റിംഗ് ജനറൽ മാനേജർ സിദ്ധാർത്ഥ് ഗുപ്ത പറഞ്ഞു.

## ഗ്രീൻഫിയിൽ 18 കോടി സീഡ് ഫണ്ട് നിക്ഷേപം

**കൊച്ചി:** പത്തനാപുരം ആസ്ഥാനമായ സ്റ്റാർട്ടപ്പ് ഗ്രീൻഫിയിൽ ബംഗളൂരു ആസ്ഥാനമായ വെഞ്ചർ ക്യാപ്പിറ്റൽ കമ്പനിയായ ട്രാൻസിഷൻ വിസി 2 മില്യ ഡോളർ (ഏകദേശം 18 കോടി രൂപ) സീഡ് ഫണ്ടായി നിക്ഷേപിച്ചു. സിംഗപ്പൂർ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള സീനിയർ ബാങ്കിംഗ് പ്രൊഫഷണലുകളുടെ പങ്കാളിത്തത്തോടെയാണ് നിക്ഷപേം. എഐ അധിഷ്ഠിത ഇഎസ്ജി (എൻവയോൺമെന്റൽ സോഷ്യൽ ഗവണൻസ്) റിസ്ക് മാനേജ്മെന്റ് പ്ലാറ്റ്ഫോം സേവനരംഗത്താണ് ഗ്രീൻഫിയുടെ പ്രവർത്തനം. കമ്പനിയുടെ ആഗോള വികസനം, കൂടുതൽ എഐ സേവനങ്ങളുടെ വികസനം, മികച്ച വളർച്ച കാണിക്കുന്ന യുഎസ്, യൂറോപ്പ്, ദക്ഷിണ പൂർവേഷ്യ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ വ്യാപനം എന്നിവയ്ക്കായാണ് നിക്ഷേപം ഉപയോഗപ്പെടുത്തുകയെന്ന് ഗ്രീൻഫി സ്ഥാപകൻ ബരുൺ ചന്ദ്രൻ പറഞ്ഞു. സങ്കീർണമായ ഇഎസ്ജി ജാഗ്രത, എമിഷൻസ് റിപ്പോർട്ടംഗ്, ഉപയോക്തൃ, പോർട്ഫോളിയോസ്, സപ്ലയർ, ഇടപാട് തലങ്ങളിലെ സുസ്ഥിര പ്രവർത്തന ട്രാക്കിംഗ് എന്നി ഓട്ടോമേറ്റ് ചെയ്യുന്നതിന് ആധുനിക എഐ ഏജന്റുകളുടേയും ലാർജ് ലാംഗ്വേജ് മോഡലുകളേയും ഉപയോഗപ്പെടുത്തുന്ന സംയോജിത പ്ലാറ്റ്ഫോം സേവന രംഗത്താണ് ഗ്രീൻഫിയുടെ പ്രവർത്തനം. മനുഷ്യശേഷി ഉപയോഗിച്ചു ചെയ്താൽ ആഴ്ചകളെടുക്കുന്നതും പിശകുകൾ സംഭവിക്കാവുന്നതുമായ ജോലികൾ വൻതോതിലും കൃത്യമായും സുത്യാര്യമായും മിനിറ്റുകൾക്കുള്ളിലും ഇതുപയോഗിച്ച് പൂർത്തിയാക്കാം.

ഇഎസ്ജി ഡേറ്റാസെറ്റുകളിൽ നിന്ന് പ്രവർത്തനോന്മുഖമായ ഉൾക്കാഴ്ച ലഭ്യമാക്കുക, വെരിഫൈ ചെയ്യാവുന്ന ഓഡിറ്റ് വിവരങ്ങൾ സൃഷ്ടിക്കുക, വർക്ക്ഫ്ളോ മെച്ചപ്പെടുത്തുക, സമ്പൂർണ കംപ്ലയൻസ് ലഭ്യമാക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്ന എഐ ഏജന്റുകളാണ് തങ്ങൾ വികസിപ്പിച്ചെടുക്കുന്നതെന്ന് ബരുൺ ചന്ദ്രൻ പറഞ്ഞു.




അപാർ ഇൻഡസ്ട്രീസിന്റെ ഏറ്റവും നൂതന ഉൽപന്നമായ ' അപാർ ശക്തി ഗ്രീൻ വയർ ' അപാർ ഇൻഡസ്ട്രീസ് നോർത്ത് കേരള ഏരിയ സെയിൽസ് മാനേജർ പി. അഭിജിത്, സൗത്ത് കേരള ഏരിയ സെയിൽസ് മാനേജർ വി.കെ ആദർശ്, സെയിൽസ് ആന്റ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സുഭാശിഷ് ഡേ, ജനറൽ മാനേജർ മാർക്കറ്റിംഗ് ഷൈലജ ചോപ്ര, സി.ഇ.ഒ ശശി അമിൻ, ദക്ഷിണേന്ത്യ റീജണൽ സെയിൽസ് ഡി.ജി.എം ഷിബിൻ ജോസ്, മധ്യകേരള ഏരിയ സെയിൽസ് മാനേജർ മുഹമ്മദ് ഇഷാക്ക്, കെ. പ്രവീൺ എന്നിവർ ചേർന്ന് കേരള വിപണിയിൽ അവതരിപ്പിച്ചപ്പോൾ

# അപാർ ശക്തി ഗ്രീൻ വയർ കേരള വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി :** ഇലക്ട്രിക് വയർ നിർമ്മാണ രംഗത്ത് അതികായന്മാരായ അപാർ ഇൻഡസ്ട്രീസ് തങ്ങളുടെ ഏറ്റവും നൂതന ഉൽപന്നമായ ' അപാർ ശക്തി ഗ്രീൻ വയർ ' കേരള വിപണിയിൽ അവതരിപ്പിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ അപാർ ഇൻഡസ്ട്രീസ് സി.ഇ.ഒ ശശി അമിൻ, സെയിൽസ് ആന്റ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സുഭാശിഷ് ഡേ, ദക്ഷിണേന്ത്യ റീജണൽ സെൽസ് ഡി.ജി.എം ഷിബിൻ ജോസ്, ജനറൽ മാനേജർ മാർക്കറ്റിംഗ് ഷൈലജ ചോപ്ര, നോർത്ത് കേരള ഏരിയ സെയിൽസ് മാനേജർ പി. അഭിജിത്, സൗത്ത് കേരള ഏരിയ സെയിൽസ് മാനേജർ വി.കെ ആദർശ്, മധ്യകേരള ഏരിയ സെയിൽസ് മാനേജർ മുഹമ്മദ് ഇഷാക്ക് തുടങ്ങിയവർ ചേർന്നാണ് അപാർ ശക്തി ഗ്രീൻ വയർ കേരള വിപണിയിൽ ഇറക്കിയത്. ആധുനിക കാലഘട്ടത്തിലെ വയറിംഗ് മേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്ന വിധത്തിൽ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി 99.97 ശതമാനം ശുദ്ധമായ ചെമ്പിൽ തീ, ചൂട്, പുക, വിഷവാതകങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നും മികച്ച സംരക്ഷണം നൽകുന്ന വിധത്തിലാണ് അപാർ ശക്തി ഗ്രീൻ വയർ നിർമ്മിച്ചിരിക്കുന്നതെന്ന് അപാർ ഇൻഡസ്ട്രീസ് സി.ഇ.ഒ.ശശി അമിൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പൂർണ്ണ സുരക്ഷ, പരിസ്ഥിതി സൗഹൃദം എന്നിവയ്ക്ക് മുൻതൂക്കം നൽകി നൂറു ശതമാനം റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നതും പൂർണ്ണമായും ലെഡ്ഫ്രീയുമാണ് അപാർ ശക്തി ഗ്രീൻ വയറുകളെന്നും സി.ഇ.ഒ. വ്യക്തമാക്കി. അപാറിന്റെ ലൈറ്റ് ഡ്യൂട്ടി കേബിൾ(എൽഡിസി) നിര ഇ-ബീം സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചതും 70 വർഷം വരെ കാലാവധി ഉള്ളതുമായ അപാർ അനുശക്തി ഫയർ പ്രൊട്ടക്റ്റ്, 50 വർഷം വരെ ആയുസുള്ള അപാർ അണുശക്തി എന്നീ പ്രീമിയം വയറിംഗ് നിരയിലേയ്ക്കാണ് അപാർ ശക്തിയും എത്തുന്നതെന്നും ശശി അമിൻ പറഞ്ഞു. 1958 ൽ പ്രവർത്തനമാരംഭിച്ച അപാർ ഇൻഡസ്ട്രീസ് സ്പെഷ്യൽ കേബിളുകൾ, പോളിമർ, ലൂബ്രിക്കന്റുകൾ എന്നിവയുടെ നിർമ്മാണത്തിൽ ആഗോള തലത്തിലെ മുൻനിര കമ്പനിയാണ്.




# സതേൺ ഡെയറി ഫുഡ് കോൺക്ലേവ് ജനുവരി 8 മുതൽ

**കോഴിക്കോട്:** സതേൺ ഡെയറി ഫുഡ് കോൺക്ലേവ് ജനുവരി 8 മുതൽ 10 വരെ കോഴിക്കോട് നടക്കുമെന്ന് മിൽമ ചെയർമാൻ കെ.എസ് മണി വാർത്താസമ്മേളനത്തിൽ അറിയിച്ചു. കാലിക്കറ്റ് ട്രേഡ് സെന്ററിൽ ഇന്ത്യൻ ഡെയറി അസോസിയേഷൻ, മിൽമ, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്ഷീര വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. മിൽമയാണ് മുഖ്യ സ്പോൺസർ. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള നയരൂപകർത്താക്കൾ, മുതിർന്ന ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ, സാങ്കേതിക വിദഗ്ധർ, ഗവേഷകർ, സംരംഭകർ എന്നിവർ പങ്കെടുക്കും, ജനുവരി 9ന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, തെലുങ്കാന, ആന്ധ്ര തുടങ്ങി അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ക്ഷീര വകുപ്പ് മന്ത്രിമാർ സംബന്ധിക്കും. മിൽമ, ഡോഡ്ല ഡെയറി, ഹെറിറ്റേജ് ഫുഡ്സ്, ക്രീംലൈൻ ഡെയറി പ്രൊഡക്ട്സ്, മിൽക്കി മിസ്റ്റ് ഡെയറി ഫുഡ്, കർണാടക മിൽക്ക് ഫെഡറേഷൻ (കെ.എം.എഫ്), ആവിൻ, സംഘം ഡെയറി തുടങ്ങി ദക്ഷിണേന്ത്യയിലെ പ്രധാന ഡെയറി കമ്പനികളും ഫുഡ് മാനുഫാക്ചേഴ്സും കോൺക്ലേവിൽ പങ്കാളികളാവും. 150 സ്റ്റാളുകളോടെയുള്ള വിപുലമായ പ്രദർശനവുമുണ്ടാകും. ഫുഡ് കോൺക്ലേവിന്റെ ലോഗോ പ്രകാശനം മിൽമ ചെയർമാൻ കെ.എസ്.മണി, ഐ.ഡി.എ. കേരള ചാപ്റ്റർ ചെയർമാൻ എസ്.എൻ. രാജകുമാർ, മുൻ ഐ.ഡി.എ ചെയർമാൻ ഡോ.പി.ഐ ഗീവർഗീസ് എന്നിവർ ചേർന്ന് നിർവഹിച്ചു. വാർത്താസമ്മേളനത്തിൽ കെ.എസ്. മണി, ഡോ. എസ്.എൻ. രാജകുമാർ, കെ.സി. ജെയിംസ്, ഡോ. പി.ഐ.ഗീവർഗീസ്, ഐ.എസ്. അനിൽ കുമാർ എന്നിവർ പങ്കെടുത്തു.







# മോട്ടോ ജി57 പവർ പുറത്തിറക്കി മോട്ടോറോള

**കൊച്ചി:** മോട്ടോ ജി57 പവർ പുറത്തിറക്കി മോട്ടോറോള. 12,999 രൂപ വിലയിൽ മികച്ച ബജറ്റ് ഫോണാണിതെന്നാണ് കമ്പനിയുടെ അവകാശ വാദം. ലോകത്തിലെ ആദ്യത്തെ സ്നാപ്ഡ്രാഗൺ 6എസ് ജൻ 4, സെഗ്മെന്റിലെ ഏറ്റവും മികച്ച 50എംപി സോണി ലിറ്റിയ 600 ക്യാമറ, ഏറ്റവും ഉയർന്ന 7000എംഎഎച്ച് സിലിക്കൺ കാർബൺ ബാറ്ററി, ആൻഡ്രോയ്ഡ് 16, 6.72, 120എച്ച്സെഡ് എഫ്എച്ച്ഡി+ പ്ലസ് ഡിസ്പ്ലേ, മൾട്ടിടാസ്കിംഗിനായി സൈപ്പ് ടു ഷെയർ, സൈപ്പ് ടു സ്ട്രീം എന്നിവയുള്ള സ്മാർട്ട് കണക്റ്റ് 2.0 എന്നിവയെല്ലാം ജി57 പവറിൽ വരുന്നുണ്ട്. റെഗറ്റ, ഫ്ളൂയിഡിറ്റി, കോർസെയർ എന്നീ മൂന്ന് പാന്റോൺ ക്യൂറേറ്റഡ് ഡിസൈനിലും വീഗൻ ലെതർ ഫിനിഷുകളിലും മോട്ടോ ജി57 പവർ ലഭ്യമാണ്.



# ഫോർ ഒ ക്ലോക്കിന് അംഗീകാരം

**കൊച്ചി:** ഇസ്കോ ഫുഡ്സിന്റെ കേരള സ്നാക്സ് ബ്രാൻഡായ ഫോർ ഒ ക്ലോക്കിന്, റിലയൻസ് ഫ്യൂച്ചർ ഫോർവേഡ് 2025 ബ്രാൻഡ്സ് പ്രോഗ്രാമിൽ വ്യവസായ അംഗീകാരം ലഭിച്ചു. ജിയോ വേൾഡ് കൺവൻഷൻ സെന്ററിൽ നടന്ന ഇന്ത്യ ഫുഡ് ഫോറത്തിലായിരുന്നു അവാർഡ് ദാനം.

റിലയൻസ് റീട്ടെയിലിലെ ഗ്രോസറി സിഇഒ ദാമോദർ മാളിൽനിന്ന് ഫോർ ഒ ക്ലോക്ക് മാനേജിംഗ് ഡയറക്ടർ ഐസക് ജോർജും ഡയറക്ടർ ബേസിൽ ഐസക്കും പുരസ്കാരം ഏറ്റുവാങ്ങി. മതസരാധിഷ്ഠിത ഭക്ഷ്യ, എഫ്എംസിജി മേഖലകളിലെ ഫോർ ഒ ക്ലോക്കിന്റെ ഗുണനിലവാരത്തിനും അതിന്റെ സാധ്യതയ്ക്കുമുള്ള പ്രതിബദ്ധത ഈ അംഗീകാരം അടിവരയിടുന്നതായി അധികൃതർ വ്യക്തമാക്കി.

# ക്രിസ്മസ് ന്യൂഇയർ ബമ്പർ ലോട്ടറി പുറത്തിറക്കി

**തിരുവനന്തപുരം:** ഒന്നാം സമ്മാനമായി 20കോടി രൂപ നൽകുന്ന കേരള ഭാഗ്യക്കുറിയുടെ ക്രിസ്മസ് ന്യൂ ഇയർ ബമ്പർ ലോട്ടറി ടിക്കറ്റ് പുറത്തിറക്കി. 400 രൂപയാണ് ടിക്കറ്റ് വില. നറുക്കെടുപ്പ് ജനുവരി 24ന്. രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം 20 പേർക്ക് ലഭിക്കും. മൂന്നാം സമ്മാനമായി 10 ലക്ഷം രൂപ വീതം 20 പേർക്കും നാലാം സമ്മാനമായി മൂന്ന് ലക്ഷം രൂപ വിതം 20 പേർക്കുംഅഞ്ചാം സമ്മാനമായി രണ്ട് ലക്ഷം രൂപ വീതം 20 പേർക്കും ലഭിക്കും. കൂടാതെ ഒരു ലക്ഷം രൂപയുടെ ഒൻപത് സമാശ്വാസ സമ്മാനങ്ങളും ഉണ്ടാകും. ഇതിന് പുറമെ 5000, 2000, 1000, 500, 400 വീതം രൂപ സമ്മാനങ്ങളും ഉൾപ്പെടെ ആകെ 6,21,990 സമ്മാനങ്ങളുമായാണ് ക്രിസ്മസ് ന്യൂഇയർ ബമ്പർ ലോട്ടറി വിൽപ്പനയ്ക്ക് എത്തുന്നത്. ബി.ആർ 107 നമ്പർ ക്രിസ്മസ് ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറിയിൽ XA, XB, XC, XD, XE, XG, XH, XJ, XK, XL എന്നിങ്ങനെ പത്ത് പരമ്പരകളിലായാണ് ടിക്കറ്റുകൾ ലഭ്യമാകുന്നത്.

# പുതിയ കളക്ഷനുമായി ഫാബ് ഇന്ത്യ



**കൊച്ചി:** വിവാഹകാലം ആഘോഷമാക്കാൻ ഫാബ് ഇന്ത്യ പുതിയ വെഡിംഗ് കളക്ഷൻ 2025 അവതരിപ്പിച്ചു. നിറങ്ങൾ, കരകൗശല പ്രതിഭ, ആകർഷകമായ ഡിസൈനുകൾ എന്നിവയുടെ സംയോജനമായ ഈ കളക്ഷൻ, വിവാഹാഘോഷങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അനുയോജ്യമാകുന്ന തരത്തിലാണ് ഒരുക്കിയിരിക്കുന്നത്.

വിവാഹത്തിനായാലും, ഉജ്ജ്വലമായ ഉത്തരേന്ത്യൻ സംഗീതത്തിലായാലും, വൈകുന്നേരത്തെ സ്വീകരണത്തിലായാലും, പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും എല്ലാത്തരം ആഘോഷങ്ങൾക്കുമുള്ള സ്റ്റൈലിഷ് വസ്ത്രങ്ങൾ ഈ ശേഖരത്തിൽ ലഭ്യമാണെന്ന് ഫാബ് ഇന്ത്യ അധികൃതർ വ്യക്തമാക്കി. കൈത്തറി, എംബ്രോയ്ഡറി, ബ്ലോക്ക് പ്രിന്റ് തുടങ്ങിയ ഇന്ത്യൻ കരകൗശല മികവുകൾ ഓരോ വസ്ത്രത്തിലും ആലേഖനം ചെയ്തിട്ടുണ്ട്. പ്രകൃതിദത്ത തുണിത്തരങ്ങളിൽ തിളങ്ങുന്ന നിറങ്ങളാണ് സീസണിന്റെ ഹൈലൈറ്റ്. നിങ്ങളുടെ ലുക്ക് പൂർത്തിയാക്കാൻ, ഫാബ്ഇന്ത്യ മനോഹരമായ പാദരക്ഷകൾ, ബാഗുകൾ, ആഭരണങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ഫാബ്ഹോം ശ്രേണിയും ഫാബ്ഇന്ത്യ അവതരിപ്പിച്ചു. ഫാബ് ഇന്ത്യ വെഡിംഗ് കളക്ഷൻ 2025 രാജ്യത്തെ എല്ലാ ഷോറൂമുകളിലും, കൂടാതെ www.fabindia.com ൽ ഓൺലൈൻ ആയും ലഭ്യമാണ്.

# യുപിഐ സർക്കിളിൽ സമ്പൂർണ്ണ ഡെലിഗേഷൻ സൗകര്യം ലഭ്യമാക്കും

**കൊച്ചി:** ഭീം പെയ്മെന്റ് ആപ്പിലുള്ള യുപിഐ സർക്കിളിൽ സമ്പൂർണ ഡെലിഗേഷൻ സൗകര്യം ലഭ്യമാക്കും. നാഷണൽ പെയ്മെന്റ് കോർപറേഷന്റെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ എൻപിസിഐ ഭീം സർവീസസിന്റെ ഈ നീക്കത്തോടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശ്വസനീയ കോണ്ടാക്ടുകൾക്ക് നിശ്ചിത പ്രതിമാസ പരിധിക്കുള്ളിൽ ചെലവുകൾ നടത്താൻ അവസരം നൽകാനാകുമെന്ന് എൻബിഎസ്എൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു.

വീട്ടു ചെലവുകളും മറ്റും പൂർണ സുതാര്യതയോടും നിയന്ത്രണത്തോടും കൂടി നടത്താൻ ഇതിലൂടെ സാധിക്കും. പ്രൈമറി ഉപഭോക്താക്കളുടെ അക്കൗണ്ടിൽ നിന്ന് സെക്കൻഡറി ഉപഭോക്താക്കൾക്ക് നേരിട്ട് പണമടയ്ക്കലിനു തുടക്കം കുറിക്കാനും പൂർത്തിയാക്കാനും അവസരം നൽകുന്നതാണ് യുപിഐ സർക്കിൾ ഫുൾ ഡെലിഗേഷൻ സംവിധാനം. അഞ്ചു വർഷം വരെ കാലാവധിയുമായി പ്രതിമാനം 15,000 രൂപ വരെയുള്ള ചെലവുകൾക്ക് ഇങ്ങനെ അനുമതി നൽകാനാവും.

ദൈനംദിന ചെലവുകൾ സുഗമമായി ഡിജിറ്റലായി നടത്താൻ ഇത് അവസരം നൽകും. കുടുംബാംഗങ്ങൾക്കുള്ളിലും ആശ്രിതർക്കും ജീവനക്കാർക്കുമെല്ലാം പണമടയ്ക്കൽ നടത്താൻ ഇതിലൂടെ സാധ്യമാകും. അതോടൊപ്പം ഇതു കൃത്യമായി വീക്ഷിക്കാനും പ്രാഥമിക ഉപഭോക്താവിനു സാധിക്കും. ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ ലളിതവും സുരക്ഷിതവും കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതുമാക്കുന്നത് തുടരുന്നതാണ് ഭീം പെയ്മെൻറ് ആപ്പിലെ ഇത്തരത്തിലുള്ള സംവിധാനങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭിം പെയ്മെന്റ് ആപ്പിലെ യുപിഐ സർക്കിൾ വിഭാഗത്തിൽ ഈ സംവിധാനം പ്രവർത്തനക്ഷമമാക്കാം.

അതിനു ശേഷം പ്രതിമാസം 15,000 രൂപ വരെയുള്ള പരിധി നിശ്ചയിക്കുകയും ചെയ്യാനാവും.



# കാറുകൾ മാത്രമല്ല, യുദ്ധ ടാങ്ക് എൻജിനുകളും ഇന്ത്യയിൽ നിർമിക്കാൻ റോൾസ്

**മുംബൈ:** രാജ്യത്തിന്റെ പ്രതിരോധ വ്യവസായത്തിന് പുതിയ ഊർജം പകരാൻ യുറോപ്യൻ കമ്പനിയായ റോൾസ് റോയ്സ്. യുദ്ധ ടാങ്കുകൾ അടക്കം ശക്തമായ പ്രതിരോധ വാഹനങ്ങൾക്ക് ആവശ്യമായ എൻജിനുകൾ റോൾസ് റോയ്സ് ആഭ്യന്തര വിപണിയിൽ നിർമിക്കും. പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതിക്ക് വേണ്ടി കാത്തിരിക്കുകയാണ് കമ്പനി. പ്രതിരോധ ഗവേഷണ വികസന ഓർഗനൈസേഷൻ ആഭ്യന്തരമായി രൂപകൽപന ചെയ്ത ശക്തിയേറിയ അർജുൻ യുദ്ധ ടാങ്ക്, ഭാരം കുറഞ്ഞ യുദ്ധ ടാങ്കുകൾ, സൈനിക വാഹനങ്ങൾ, ഹെവി മോട്ടോർ വാഹനങ്ങൾ തുടങ്ങിയവക്കാണ് എൻജിൻ നിർമിക്കുക.

ഇതിനു പുറമെ, നാവിക സേനക്ക് വേണ്ടി 4000 എൻജിനുകൾ ആഭ്യന്തരമായി നിർമിക്കാനുള്ള പദ്ധതിയും കമ്പനി ശക്തമാക്കിയിട്ടുണ്ട്. ഇന്ത്യൻ കമ്പനിയുമായി സഹകരിച്ചാണ് നാവിക സേനയുടെ പദ്ധതികൾ റോൾസ് റോയ്സ് പവർ സിസ്റ്റംസ് യാഥാർഥ്യമാക്കുന്നതെന്നും ഗ്ലോബൽ പ്രസിഡന്റ് ഗിയോവനി സ്പദാരോ പറഞ്ഞു.

നേരത്തെ മറ്റൊരു രാജ്യത്തു നിർമിച്ച പ്രതിരോധ എൻജിനുകൾ ഇന്ത്യക്ക് വിൽക്കുകയാണ് റോൾസ് റോയ്സ് ചെയ്തിരുന്നത്. എന്നാൽ, ആഭ്യന്തരമായി ഉത്പാദിപ്പിക്കുകയെന്ന എന്ന തന്ത്രം നടപ്പാക്കാനാണ് കമ്പനിയുടെ പദ്ധതി.

ആഭ്യന്തര പ്രതിരോധ വ്യവസായ മേഖലയുടെ അതിവേഗ വളർച്ചയും കേന്ദ്ര സർക്കാറിന്റെ ആത്മനിർഭരത നയവും മുതലെടുക്കാനാണ് നീക്കം.

